പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2058 — 07.12.2015-ൽ മറുപടിക്ക്.

## ടാങ്കർ ലോറി അപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി. കെ. ബഷീർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>[illegible] | (എ) അമിത വേഗത്തിലും അശ്രദ്ധമായും ഉദാസീനമായും വാഹനമോടിക്കുന്ന ടാങ്കർ ലോറി ഡ്രൈവർമാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് വരുന്നു. തിരക്കേറിയ സമയങ്ങളിൽ നഗരത്തിൽ ടാങ്കർ ലോറിക്ക് പ്രവേശനം നിയന്ത്രിക്കുകയും പ്രത്യേക സമയപരിധി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിയം ഉത്പ്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ വാഹനങ്ങളിൽ ഹെവി മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസുള്ള രണ്ട് ഡ്രൈവർമാർ നിർബന്ധമായും ഉണ്ടായിരിക്കുക, വാഹനത്തിന് എക്സ്പ്ലോസീവ് ലൈസൻസുണ്ടായിരിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കർശന പരിശോധന നടത്തുന്നുണ്ട്. ടാങ്കർ ലോറി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ വൻദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി ടാങ്കർ ലോറി ഡ്രൈവർമാർ, പോലീസ്, ഫയർഫോഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു. പെട്രോളിയം ഉത്പന്നങ്ങൾ, പാചകവാതകം പോലുള്ള ഇന്ധനങ്ങൾ എന്നിവയുമായി ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടാൽ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും അഗ്നിശമന രക്ഷാസേന വകുപ്പിലെ ഒരു വിഭാഗം ജീവനക്കാർക്ക് പെട്രോളിയം കമ്പനികൾ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

(ബി) ഇത്തരം അപകടങ്ങൾ നടക്കുമ്പോൾ രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ഫയർ ഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി) രക്ഷാ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി അഗ്നിശമന രക്ഷാസേവന വകുപ്പിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെട്രോളിയം ഉത്പന്നങ്ങളുടെ ചോർച്ച കണ്ടുപിടിക്കുന്നതിനുള്ള മൾട്ടി ഗ്യാസ് ഡിറ്റക്ടർ, ജീവനക്കാർക്ക് ഫയർ ഫൈറ്റിംഗിനുള്ള ഫയർ സ്യൂട്ട്, പേഴ്സണൽ പ്രൊട്ടക്ടീവ് ഉപകരണങ്ങൾ, ലോങ്ങ് റേഞ്ച് അഗ്നിശമനത്തിനുള്ള മോണിറ്റർ, ഹാൻഡ് കൺട്രോൾ ബ്രാഞ്ച് എന്നീ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനയിലെ എല്ലാ വാഹനങ്ങൾക്കും സ്പാർക്ക് അറസ്റ്റർ ഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ